Vol-1,N0:14
21-07-2007

*Kerala Catholic Bishops Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Archbishop Mar Joseph Powathil
**Commission Secretary**
Fr. Johny Kochuparambil mst

# ജാഗ്രത

**Vice-Chairmen**
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

പ്രധാനവാർത്തകൾ

01. സർക്കാർ നീക്കം ജനാധിപത്യവിരുദ്ധം; ശക്തമായി നേരിടും: കെ.സി.ബി.സി.
02. ദീപിക പിണറായി പക്ഷത്തിന്റെ ശബ്ദമായി മാറി - ഫാ. അടപ്പൂർ.
03. സ്വാശ്രയ കോളേജ് സ്വർണക്കടയേക്കാൾ ലാഭം.
04. ജ്യോതി, സഹൃദയ എൻജി. കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കി.
05. സ്വാശ്രയ കരാറിന് മുഹമ്മദ് കമ്മിറ്റിയുടെ താൽക്കാലിക അംഗീകാരം.
06. ഇന്റർനെറ്റ്, എഡ്യൂസാറ്റ്, സ്മാർട്ട് സ്കൂൾ പദ്ധതിയുമായി ലത്തീൻ കത്തോലിക്കാ സഭ.
07. മതം മാറ്റനിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യരുതെന്നു ഹൈക്കോടതി.
08. അഭയ: സത്യാവസ്ഥ പുറത്തുവരേണ്ടത് സഭയുടെ ആവശ്യമെന്ന് മാർ മൂലക്കാട്ട്.

## 01. സർക്കാർ നീക്കം ജനാധിപത്യവിരുദ്ധം; ശക്തമായി നേരിടും: കെ.സി.ബി.സി.

ഭരണഘടന അനുശാസിക്കുന്ന ന്യൂനപക്ഷാവകാശങ്ങൾ സർക്കാർ കയ്യേറുന്നത് ജനാധിപത്യ മര്യാദകൾക്ക് നിരക്കുന്നതല്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി മുന്നറിയിപ്പ് നൽകി. ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പ് നൽകിയിരിക്കുന്ന അവകാശങ്ങൾ അനാവശ്യ വിവാദങ്ങളുടെ പുകമറ സൃഷ്ടിച്ച് കവർന്നെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നുവെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലും സെക്രട്ടറി ബിഷപ്പ് ഡോ. വർഗീസ് ചക്കാലയ്ക്കലും പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളുടെയും സഭാധ്യക്ഷന്മാർ അംഗങ്ങളായ കേരള കത്തോലിക്കാ മെത്രാൻ സമിതി സർക്കാരും സർക്കാരിനെ നയിക്കുന്ന പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ നേതാക്കളും ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമായ നയപരിപാടികൾ ആവിഷ്കരിക്കുന്നതിൽ നിന്നും നടപ്പാക്കുന്നതിൽ നിന്നും ഉടൻ പിന്തിരിയണമെന്ന് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചു. ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകിയിരിക്കുന്ന അവകാശങ്ങൾ സർക്കാർ കവർന്നെടുക്കുന്നതിനെ കേരള കത്തോലിക്കാസഭ ശക്തമായി നേരിടുക തന്നെ ചെയ്യും. ഇടതുപക്ഷ സർക്കാരിന്റെ വിദ്യാഭ്യാസനയത്തിൽ അതൃപ്തിയും ആശങ്കയും ശക്തമായ ഭാഷയിൽ സമിതി രേഖപ്പെടുത്തി. ക്രൈസ്തവസമൂഹത്തെ തകർക്കുവാനുള്ള ഗൂഢനീക്കങ്ങൾ ഭരണനേതൃത്വത്തിന്റെ പിൻബലത്തോടെ നടന്നു കൊണ്ടിരിക്കുകയാണെന്നും ഈ നീക്കം ജനാധിപത്യ വിരുദ്ധമാണെന്നും അവർ പറഞ്ഞു.സർക്കാരിന്റെ നിയന്ത്രണം കയ്യാളുന്ന രാഷ്ട്രീയ പാർട്ടികൾ ജനാധിപത്യമൂല്യങ്ങളിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ അഭിമുഖീകരണത്തിന്റെ പാതവെടിഞ്ഞ് സർക്കാർ ഉപാധികളില്ലാതെ ചർച്ചയ്ക്ക് തയ്യാറാവണമെന്ന് ബിഷപ്പുമാർ അഭിപ്രായപ്പെട്ടു. സഭയുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങളെ അംഗീകരിക്കുവാനും സംരക്ഷിക്കുവാനും സർക്കാർ തയ്യാറാവണം. ഭരണഘടനയും കോടതിവിധികളും ആവർത്തിച്ച് അംഗീകരിച്ച ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ ഒരു ശക്തിക്കു മുന്നിലും അടിയറവ് വയ്ക്കാൻ കത്തോലിക്കാസഭ തയ്യാറല്ല. വിവിധ രൂപതകളിലെ മെത്രാന്മാരുടെ ഇടയലേഖനങ്ങളെ പൂർണമായും കെ.സി.ബി.സി. സ്വാഗതം ചെയ്തു. ഇത് ക്രൈസ്തവസമൂഹത്തിന്റെ പൊതുവായ വികാരമാണ്. എന്നാൽ ഇടയലേഖനങ്ങളും പ്രസ്താവനകളും വളച്ചൊടിക്കുന്ന മാധ്യമപ്രചരണങ്ങളും രാഷ്ട്രീയ പ്രസ്താവനകളും യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും ജനങ്ങളെ വഴിതെറ്റിക്കാനുള്ളതാണ്. സഭയുടെ പ്രബോധനാധികാരം ഉപയോഗിച്ച് മെത്രാന്മാർ പുറപ്പെടുവിച്ച ഇടയലേഖനത്തിൽ പറഞ്ഞിട്ടുള്ളവ വാസ്തവ വിരുദ്ധമാണെന്ന രാഷ്ട്രീയ നേതാവിന്റെ വിശദീകരണത്തെ

തുടർന്ന് കേരള സർവകലാശാല കത്തോലിക്കാസഭയുടെ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കിയത് വാക്കും പ്രവർത്തിയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നു.

ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് ക്രൈസ്തവസമൂഹം വിദ്യാഭ്യാസമേഖലയിൽ വിവിധ പ്രതിസന്ധികളും ഭീഷണികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസമേഖലയിലെ പ്രതിസന്ധി, സ്കൂളുകളുടെ ചുമതല പഞ്ചായത്തുകളെ ഏല്പിക്കുക, ഹയർ സെക്കൻഡറി തലത്തിൽ ഏകജാലക പ്രവേശന സമ്പ്രദായം, അധ്യാപകരുടെ പരിശീലന പരിപാടികൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുക, വിദ്യാലയങ്ങളിൽ പ്രാർത്ഥന ഒഴിവാക്കി തിരുസ്വരൂപങ്ങൾ നീക്കി വിദ്യാർത്ഥികളെ ദൈവവിശ്വാസത്തിൽ നിന്നും അകറ്റാനുള്ള ശ്രമം, സദാചാരമൂല്യങ്ങളും ധാർമ്മികതയും ഈശ്വരവിശ്വാസവും ഇല്ലാതാക്കുന്ന പാഠ്യപദ്ധതി അടിച്ചേല്പിക്കൽ, കലണ്ടറുകളിൽ നിന്നും ക്രിസ്ത്യൻ വിശേഷദിവസങ്ങൾ ഒഴിവാക്കൽ, സഭയുടെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ഇരട്ടി ഫീസ് വാങ്ങാനുള്ള സമ്മർദ്ദം, വിദ്യാഭ്യാസമേഖലയെ രാഷ്ട്രീയവത്കരിക്കൽ, ചില വിദ്യാർത്ഥി സംഘടനകളെ ഗുണ്ടാസംഘങ്ങളാക്കുന്ന ദുഷ്പ്രവണത, ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേരെയുള്ള സർക്കാരിന്റെ പ്രതികാര നടപടി ഇതെല്ലാം ഒരിക്കലും ക്രൈസ്തവസമൂഹത്തിന് അംഗീകരിക്കാനാവില്ല. ഇത് ന്യൂനപക്ഷങ്ങളുടെയും ക്രൈസ്തവസമൂഹത്തിന്റെയും നേരെയുള്ള കടന്നുകയറ്റത്തിന്റെ ഭാഗമാണെന്നും സഭയുടെ സ്ഥാപനങ്ങളും സമ്പത്തും കൈയേറുവാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്നും പ്രസ്താവനയിൽ തുടർന്നു പറഞ്ഞു.

ഏതൊരു പ്രതിസന്ധി നേരിടുമ്പോഴും കേരളത്തിലെ കത്തോലിക്കർ ഒറ്റക്കെട്ടായി നിലകൊണ്ടിട്ടുണ്ട്. രക്തം ചൊരിഞ്ഞുപോലും ബോധ്യമായ മൂല്യങ്ങൾക്കുവേണ്ടി ജീവൻ ബലികഴിച്ചവരുടെ പൈതൃകമാണ് സഭയ്ക്കുള്ളത്. സാമൂഹ്യനീതി സഭയുടെ വിശ്വാസമൂല്യങ്ങളിൽ ഉൾച്ചേർന്നതാണ്. കപടമായ സാമൂഹ്യനീതിയുടെ മറവിൽ ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാനാണ് സർക്കാരിന്റെ ശ്രമം. ധാർമ്മിക, മാനവീയ മൂല്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള അധ്യാപനപ്രക്രിയ പോലും തകിടം മറിക്കാനും ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാനുമുള്ള ശ്രമങ്ങളിൽ നിന്ന് സർക്കാർ പിന്തിരിയണം. ന്യൂനപക്ഷങ്ങൾക്കായുള്ള ഭരണഘടനാവകാശങ്ങൾ ക്രൈസ്തവസമൂഹം ഒറ്റക്കെട്ടായി സംരക്ഷിക്കും. വിദ്യാഭ്യാസമേഖലയിൽ മെറിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്ന ക്രൈസ്തവനിലപാട് ബലപ്രയോഗത്തിലൂടെ അട്ടിമറിക്കുവാൻ പരിശ്രമം നടക്കുകയാണ്. ഇത്തരത്തിലുള്ള സമ്മർദ്ദ തന്ത്രങ്ങൾക്കെതിരെ ജനാധിപത്യ വിശ്വാസികൾ ജാഗരൂകരാകണം. വിദ്യാഭ്യാസമേഖലയിലെ പ്രശ്നപരിഹാരത്തിനും കത്തോലിക്കാസഭ എന്നും തയ്യാറായിരുന്നു. പക്ഷേ, ഭരണഘടന അനുശാസിക്കുന്ന ന്യൂനപക്ഷാവകാശങ്ങളും, പരമോന്നത കോടതിവിധികളും ആദരിച്ചുകൊണ്ടും അംഗീകരിച്ചുകൊണ്ടുമാകണം പ്രശ്നപരിഹാരം. അല്ലാതെ കപടസാമൂഹ്യനീതിയുടെ മറവിൽ ആയിരിക്കരുത് പ്രശ്നപരിഹാരമെന്ന് മെത്രാൻ സമിതിയുടെ ഔദ്യോഗികവക്താവും കെ.സി.ബി.സി.യുടെ ഡെപ്യൂട്ടി സെക്രട്ടറിയുമായ ഡോ. സ്റ്റീഫൻ ആലത്തറ പത്രക്കുറിപ്പിൽ അറിയിച്ചു.

02. **ദീപിക പിണറായി പക്ഷത്തിന്റെ ശബ്ദമായി മാറി– ഫാ. അടപ്പൂർ.** (Mathrubhumi 15-07-2007)

കത്തോലിക്ക ദിനപത്രമായ ദീപിക മാർക്സിസ്റ്റ് പാർട്ടിയിലെ പിണറായി പക്ഷത്തിന്റെ ശബ്ദമായി മാറിയെന്ന് ക്രൈസ്തവ സഭാ പണ്ഡിതൻ ഫാ. എ. അടപ്പൂർ. ചരിത്രവും സത്യവും ദീപികയിൽ തിരുത്തപ്പെടുമ്പോൾ എന്ന പേരിൽ ഫാ. അടപ്പൂർ എഴുതിയ ലേഖനം എറണാകുളം അതിരൂപത മുഖപത്രമായ സത്യദീപ ത്തിന്റെ പുതിയ ലക്കത്തിലുണ്ട്. പിണറായിയോടുള്ള കൂറും വിധേയത്വവും കാരണം ദേശാഭിമാനി രണ്ടുകോടി രൂപ കോഴവാങ്ങിയതടക്കമുള്ള വാർത്തകൾ ദീപിക മറച്ചുവെച്ചതായി ലേഖനം പറയുന്നു. ദീപിക പത്രം പിണറായി പക്ഷത്തിന്റെ നിയന്ത്രണത്തിലാണെന്ന സത്യം വിശ്വാസികളെ അറിയിക്കാൻ സഭാനേതൃത്വം തയ്യാറാകണമെന്നും അടപ്പൂർ ആവശ്യപ്പെടുന്നു. ദേശാഭിമാനി രണ്ടുകോടി കൈപറ്റിയ വാർത്ത പുറത്ത് വന്ന് ഒരാഴ്ച പിന്നിട്ടിട്ടും അതിന്റെ തുടർക്കഥകൾ പത്രത്താളുകളിൽ നിറയുകയാണ്. കേരളം ഭരിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ തനിനിറം വെളിപ്പെടുത്തുന്ന വിലപ്പെട്ട വിവരങ്ങൾ അവയിലുണ്ട്. അക്കാരണത്താൽ തന്നെ ഈ സംഭവം ബഹുജനശ്രദ്ധയിൽപ്പെടുത്താൻ മുഖ്യധാരാമാധ്യമങ്ങൾ അത്യുത്സാഹം കാട്ടുന്നു. തികച്ചും പ്രശംസനീയമായ ഈ പത്രധർമ്മനിർവഹണത്തിൽ നിന്നും ബോധപൂർവ്വം വേറിട്ടു നിൽക്കുന്ന ഒരു പത്രമേ കേരളത്തിലുണ്ടാകൂ–ദീപിക. ഒന്നര നൂറ്റാണ്ടോളം കത്തോലിക്ക സമുദായത്തിന്റെ സ്വന്തമായിരുന്ന ആ പ്രസിദ്ധീകരണത്തിന്റെ നിയന്ത്രണം ഇപ്പോൾ സഭാ ശത്രുക്കളുടെ കരങ്ങളിലാണെന്നതിന് ഇതിലേറെ തെളിവു വേണ്ട . എന്നിങ്ങനെ രൂക്ഷമായി ദീപികയെ അടപ്പൂർ വിമർശിക്കുന്നു.

വിശ്വാസികൾക്കിടയിൽ ക്രൈസ്തവേതരവും ജനാധിപത്യവിരുദ്ധവുമായ ആശയങ്ങൾ സിപിഎമ്മിനുവേണ്ടി പ്രചരിപ്പിക്കുന്ന ജോലിയാണ് ദീപിക ഇപ്പോൾ ചെയ്യുന്നത്. ഇക്കാര്യമറിയാതെ വിശ്വാസികളിൽ പലരും അത് കാശുകൊടുത്തുവാങ്ങി വായിക്കുന്നു; പോരേ പൂരം! ദേശാഭിമാനിയുടെ രണ്ടുകോടി ഇടപാട് തമസ്കരിച്ച പത്രം മാർട്ടിന്റെ ലോട്ടറി പൂട്ടിക്കട്ടേ എന്ന പേരിലെഴുതിയ മുഖപ്രസംഗത്തെയും അടപ്പൂർ വിമർശിക്കുന്നു. ദേശാഭിമാനി കൈപ്പറ്റിയ രണ്ടുകോടി രൂപയെപ്പറ്റിയോ മാർക്സിസ്റ്റ് നേതാക്കൾ അതേപ്പറ്റി തിരിച്ചും മറിച്ചും പറഞ്ഞ നൂറായിരം നുണകളെപപറ്റിയോ വിമർശനത്തിന്റേതായ ഒരു വാക്കു പോലും അതിലില്ല. ആരോപണത്തിന്റെ മർമ്മത്തിൽ നിന്നും അനുവാചകശ്രദ്ധ തിരിച്ചുവിട്ട് വാദിയെ പ്രതിയാക്കാനുള്ള ഒരു ഉദ്യമമാണ് ആ മുഖപ്രസംഗമെന്ന് ഏത് മരമണ്ടനും മനസ്സിലാകും. ദീപിക യുടെ ആസ്തികൾ മുഴുവനും ഒരു സുഹൃത്തായി വന്നയാൾ ബിനാമി പേരുകളിൽ കൈയടക്കിയെന്നും അയാളുടെ ഹിതാനുവർത്തികൾ പത്രത്തിന്റെ ഉള്ളടക്കവും നയവും തീരുമാനിക്കുകയാണെന്നും ലേഖനം പറയുന്നു. സീറോ മലബാർ മെത്രാൻ സമിതിയിൽപ്പെട്ട ഒരു രൂപതാധ്യക്ഷന്റെ സഹകരണത്തോടെ നടന്ന ഗൂഢനീക്കങ്ങളുടെ പരിണിതഫലമാണിതെന്നും ലേഖനം സൂചിപ്പിക്കുന്നു.

ആഴക്കടലിൽ താഴുന്ന പഴക്കപ്പലിനെ എന്നോണം ദീപിക പത്രത്തെ പൊക്കിയെടുത്ത് തുറമുഖത്തെത്തിക്കാൻ ചില സഭാമേലധ്യക്ഷന്മാർ നടത്തിയ ശ്രമങ്ങൾ വിജയിച്ചിട്ടില്ലെന്നും അടപ്പൂർ ചൂണ്ടിക്കാട്ടുന്നുണ്ട്. കത്തോലിക്കരെ കബളിപ്പിച്ച് കമ്മ്യൂണിസ്റ്റ് അനുഭാവികളാക്കാനുള്ള തന്ത്രമാണ് ദീപിക പയറ്റുന്നത്. പത്രത്തിന്റെ ചെയർമാനായി ബിഷപ് മാത്യു അറയ്ക്കലിനെയും പത്രാധിപരായി ഫാ. റോബിൻ വടക്കഞ്ചേരിയുടെയും പേരുവയ്ക്കുന്നത് വായനക്കാരുടെ കണ്ണിൽ പൊടിയിടാനാണ്. ഇവരുടെ പേരുകൾ പത്രത്തിൽ ചേർക്കുന്നത് ഒഴിവാക്കാൻ നടപടിയെടുക്കണം. ഒപ്പം ഒരു സംയുക്ത ഇടയലേഖനം വഴിയോ പത്രക്കുറിപ്പുവഴിയോ ദീപിക യെ സംബന്ധിച്ച യാഥാർത്ഥ്യങ്ങൾ വിശ്വാസികളെ അറിയിക്കണമെന്നും അടപ്പൂർ ആവശ്യപ്പെടുന്നു. ഇടതുപക്ഷത്തിന്റെ സഭാവിരുദ്ധ നിലപാടുകൾക്കെതിരെ വിമോചനസമരാഹ്വാനം വരെ നടത്തിയ സഭയുടെ ശബ്ദമായിരിക്കുവാൻ, കൊള്ളാവുന്ന പത്രമാണോ ദീപിക എന്ന ചോദ്യത്തിന് മെത്രാന്മാർ ഉത്തരം നൽകണമെന്നും അടപ്പൂർ ആവശ്യപ്പെട്ടിട്ടുണ്ട്.

### 03. **സ്വാശ്രയ കോളേജ് സ്വർണക്കടയേക്കാൾ ലാഭം.** (Deshabhimani 16-07-2007)

കേരളത്തിൽ ഏത് വ്യവസായ സ്ഥാപനം നടത്തിപ്പിനേക്കാളും ലാഭകരമാണ് സ്വാശ്രയ വ്യവസായ സ്ഥാപനങ്ങളെന്ന് പ്രവർത്തനം തുടങ്ങി, പിന്നിട്ട വർഷങ്ങൾക്കുള്ളിൽ മാനേജ്മെന്റുകൾ തന്നെ തെളിയിച്ചു. ലാഭമുണ്ടാക്കാനാണെങ്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പകരം ഷോപ്പിങ്ങ് കോംപ്ലക്സുകൾ പണിയുമായിരുന്നെന്ന തൃശൂർ അതിരൂപത ആർച്ച് ബിഷപ്പിന്റെ പ്രതികരണം വസ്തുതകൾ മറച്ചുവെച്ചുള്ളതാണ്. സർക്കാരുമായി സമവായത്തിന് തയ്യാറാവാതെ സമൂഹത്തെ വെല്ലുവിളിക്കാൻ മാനേജ്മെന്റുകളെ പ്രേരിപ്പിക്കുന്നത് പ്രവേശനത്തിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് രൂപയെന്നു വ്യക്തം. മെഡിക്കൽ സീറ്റൊന്നിന് ചുരുങ്ങിയത് 30 ലക്ഷം രൂപയെങ്കിലും ചില സ്ഥാപനങ്ങൾ വാങ്ങുന്നുണ്ട്.

25 ഏക്കർ സ്ഥലവും 350 കിടക്കകളുമുള്ള ആശുപത്രിയും സ്വന്തമായുള്ള സ്ഥാപനത്തിനു മാത്രമേ മെഡിക്കൽ കോളേജിനായി അപേക്ഷ നൽകാൻ കഴിയൂ. ഇത്തരം സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുള്ളതും. പരമാവധി 25 കോടി മുടക്കിയാൽ പൂർണ്ണതലത്തിൽ ഒരു മെഡിക്കൽ കോളേജ് രൂപീകരിക്കാനാവും. ഇതു തന്നെ അഞ്ച് വർഷം കൊണ്ട് വിവിധ ഘട്ടങ്ങളിലായി പൂർത്തികരിച്ചാൽ മതി. ആദ്യവർഷം ഒൻപത് കോടിയുടെ നിക്ഷേപം മതി. പിന്നീട് നാലു വർഷം കൊണ്ട് എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കുമായി ശേഷിക്കുന്ന 16 കോടി രൂപ ചെലവിട്ടാൽ മതി. യു. ഡി. എഫ് ഭരണത്തിൽ ആരംഭിച്ച കോളേജുകൾ ഈ വർഷം മുതൽ പൂർണ്ണമായി പ്രവർത്തിക്കുന്നു ആദ്യവർഷം തന്നെ മുടക്കുമുതലും ഇരട്ടിലാഭവും തിരികെപിടിച്ച മാനേജ്മെന്റുകൾ കോളേജിനായി ചെലവിട്ട ഒരു ഇഷ്ടികയുടെ പത്ത് മടങ്ങുവരെ ലാഭം നേടിയിട്ടുണ്ട്. പകുതി സീറ്റിലെ പ്രവേശനം ഇതുവരെയും മാനേജ്മെന്റുകൾ തന്നെയാണ് നടത്തിയിട്ടുള്ളത്. ഇതിൽ നിന്നുമാത്രം പ്രതിവർഷം തലവരി ഇനത്തിൽ ഒരു കോളേജ് പിരിച്ചെടുത്തത് 15 കോടിയാണ്. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 75 കോടി രൂപ കിട്ടിയെന്നർത്ഥം. ഇത് മറച്ച് വെച്ചാണ് മാനേജ്മെന്റുകളുടെയും സഭാ മേധാവികളുടെയും വിദ്യാഭ്യാസ സേവനപ്രസംഗം.

മെഡിക്കൽ കോളേജുകൾക്ക് അനുബന്ധമായി നഴ്സിങ്ങ് കോളേജുകളും നടത്തുന്നുണ്ട്. ഈ ആശുപത്രികളിൽ സ്ഥിരം നഴ്സുമാർ നാമമാത്രമാണ്. ഈ സേവനം പൂർണമായും വിദ്യാർത്ഥികളെ ഉപയോഗിച്ചാണ് നടത്തുന്നത്. പഠനം പൂർത്തിയായി പരിശീലനം എന്ന പേരിൽ ഒരു വർഷം നിർബന്ധിത സേവനവുമുണ്ട്.

ഈയിനത്തിൽ ആശുപത്രി നടത്തിപ്പിൽ ലഭിക്കുന്ന വരുമാനം എത്രയെന്ന് കണക്കാക്കാനാവില്ല. 25 കോടി മുതൽ മുടക്കി തുടങ്ങുന്ന ഏത് വ്യവസായത്തിനും അതിന്റെ പ്രവർത്തന മൂലധനം തിരികെ പിടിക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും. ഈ സ്ഥാനത്താണ് തുടങ്ങിയ വർഷം തന്നെ സ്വാശ്രയസ്ഥാപനങ്ങൾ മുതലും ലാഭവും നേടിയത്.

04. **ജ്യോതി, സഹൃദയ എൻജി. കോളേജുകളുടെ അഫിലിയേഷൻ റദ്ദാക്കി.** (Deepika 13-07-2007)

സർക്കാർ നിർദ്ദേശം ലംഘിച്ച് സ്വന്തം നിലയ്ക്ക് പ്രവേശനം നൽകുമെന്ന് പ്രഖ്യാപിച്ച കാത്തലിക് എൻജിനീയറിംഗ് മാനേജ്മെന്റ് അസോസിയേഷനു കീഴിലെ രണ്ടു സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെ ബി. ടെക് കോഴ്സുകളുടെ അംഗീകാരം കാലിക്കട്ട് സർവകലാശാല റദ്ദാക്കി. തൃശൂർ അതിരൂപതയുടെ കീഴിലുള്ള ചിറ്റിലപ്പള്ളി ജ്യോതി എൻജിനീയറിംഗ് കോളേജ്, ഇരിങ്ങാലക്കുട രൂപതയുടെ കീഴിലുള്ള കൊടകര സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി എന്നീ കോളേജുകൾ നടത്തുന്ന കോഴ്സുകളുടെ അംഗീകാരമാണ് റദ്ദു ചെയ്തത്. ഇതു സംബന്ധിച്ച സർവകലാശാല ഉത്തരവ് രജിസ്ട്രാർ പി. പി മുഹമ്മദ് ബന്ധപ്പെട്ട കോളേജ് അധികൃതർക്ക് അയച്ചു. ഇതോടെ 2007–08 വർഷത്തേയ്ക്ക് ഈ കോളേജുകൾക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനാവില്ല. സർക്കാരിന്റെ പ്രവേശനം ലംഘിച്ച കോളേജുകൾക്കെതിരേ നടപടിവേണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവിനെത്തുടർന്നാണ് സർവകലാശാല നടപടി.

പ്ലസ്ടു മാർക്കും എൻട്രൻസ് മാർക്കും പരിഗണിച്ച് സ്വന്തം നിലയ്ക്ക് കാത്തലിക് എൻജിനീയറിംഗ് മാനേജ്മെന്റ് അസോസിയേഷനു കീഴിലെ പത്തു കോളേജിലും പ്രവേശനം നടത്തുമെന്നു കാണിച്ച് അസോസിയേഷൻ പ്രസിഡന്റ് ഫാ. ഫിലിപ്പ് എൻ. അഞ്ചരക്കാടും സെക്രട്ടറി ഫാ. ജോസ് അലക്സി സി. എം. ഐയും വിദ്യാഭ്യാസമന്ത്രി എം. എ ബേബിക്കു കത്തു നൽകിയിരിക്കുന്നു. ഇതോടെ സർക്കാർ ഈ കോളേജുകൾക്കെതിരേ നടപടിയാവശ്യപ്പെട്ട് അതതു സർവകലാശാലകൾക്കു കത്തു നൽകുകയായിരുന്നു. കാലാകാലങ്ങളിലെ സർക്കാരിന്റെയും സർവകലാശാലയുടെയും നിയമങ്ങൾക്കനുസൃതമായി പ്രവർത്തിക്കുമെന്ന സത്യവാങ് മൂലം ലംഘിച്ചതിനാണ് കോളേജുകളുടെ കോഴ്സ് റദ്ദാക്കിയതെന്നാണ് സർവകലാശാല ഉത്തരവിൽ പറയുന്നത്.

05. **സ്വാശ്രയ കരാറിന് മുഹമ്മദ് കമ്മിറ്റിയുടെ താൽക്കാലിക അംഗീകാരം.**(Deepika 14-07-2007)

പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഒപ്പു വെച്ച കരാർ ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റി താൽക്കാലികമായി അംഗീകരിച്ചു. സർക്കാരുമായി കരാറിലേർപ്പെടാത്ത മാനേജ്മെന്റുകൾ കമ്മിറ്റി മുമ്പ് നിശ്ചയിച്ച ഫീസ് ഘടന മാറ്റം കൂടാതെ നടപ്പാക്കണമെന്നും നിർദേശിച്ചു. കരാറിലേർപ്പെടാത്ത ഒൻപത് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്കും നാല് മെഡിക്കൽ കോളേജുകൾക്കും ഇതു ബാധകമാകും. എന്നാൽ നൽകിയ അംഗീകാരം ഇതു സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള കേസുകളുടെ തീർപ്പിന് വിധേയമായിരിക്കുമെന്ന് കമ്മിറ്റി വ്യക്തമാക്കി. സ്വാശ്രയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ കോളേജുകളുടെയും പ്രവേശന നടപടികൾ മേൽനോട്ടം വഹിക്കാൻ കമ്മിറ്റിക്ക് പൂർണ അധികാരം ഉണ്ടാകും. മുഹമ്മദ് കമ്മിറ്റിയുടെ ഫീസ് ഘടന പ്രകാരം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് 38700 രൂപ ഫീസെന്നത് പുതിയ കരാർ പ്രകാരം 50 ശതമാനം സർക്കാർ സീറ്റിൽ 15450 രൂപയും എൻ. ആർ ഐ ഒഴികെയുള്ള മാനേജ്മെന്റ് സീറ്റിൽ 90000 രൂപയുമായിരിക്കും. മെഡിക്കൽ കോളേജുകൾക്ക് നിശ്ചയിച്ചിരുന്ന 130000 മുതൽ 138000രൂപ വരെയുള്ള ഫീസ് ഘടന 50 ശതമാനം സർക്കാർ സീറ്റിൽ 20000 രൂപയും മാനേജ്മെന്റ് സീറ്റിൽ 250000 രൂപയുമാണ്. ബി. എസ്. സി നഴ്സിംഗിന് നിശ്ചയിച്ചിരുന്ന 49400 രൂപ സർക്കാർ സീറ്റിൽ 20000 രൂപയും മാനേജ്മെന്റ് സീറ്റിൽ 85000 രൂപയുമായാണ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. തലവരിപ്പണം വാങ്ങിയെന്ന പരാതിയിൽ കാരക്കോണം കോളേജ് ഈ മാസം 28–ന് രേഖാമൂലമുള്ള വിശദീകരണം നൽകണമെന്നും കമ്മിറ്റി നിർദേശിച്ചു.

06. **ഇന്റർനെറ്റ്, എഡ്യൂസാറ്റ്, സ്മാർട്ട് സ്കൂൾ പദ്ധതിയുമായി ലത്തീൻ കത്തോലിക്കാ സഭ.**
(Deepika 12-07-2007)

വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ഇന്റർനെറ്റ്, എഡ്യൂസാറ്റ് ബോധന രീതികളുമായി ലത്തീൻ കത്തോലിക്കാ സഭ. അടുത്തമാസം 17 മുതൽ 19 വരെ കോട്ടപ്പുറം രൂപതാ പാസ്റ്ററൽ സെന്ററിൽ ചേരുന്ന ലത്തീൻ സമുദായമായ അപെക്സ് കൗൺസിലായ കേരള റീജിയൻ ലാറ്റിൻ കാത്തലിക്

ബിഷപ്സ് കൗൺസിൽ (കെ. ആർ. എൽ. സി. സി) വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ കൊല്ലം ബിഷപ് ഡോ. സ്റ്റാൻലി റോമൻ അവതരിപ്പിച്ച വിദ്യാഭ്യാസ നയരേഖയിലാണ് ഇക്കാര്യങ്ങൾ പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് സെന്റർ ഫോർ എക്സലൻസ്, സ്മാർട്ട് സ്കൂൾ നവദർശൻ, എച്ച്. ആർ ഡി സെന്റർ തുടങ്ങിയ പുതിയ സംരംഭങ്ങൾ കേരളത്തിലെ 11 ലത്തീൻ രൂപതകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കും. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന സമുദായാഗംങ്ങൾക്ക് തൊഴിൽജീവിത പരിശീലനം നൽകുന്നതിനായി കമ്മ്യൂണിറ്റി കോളേജുകൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് രൂപതാ-ഇടവക തലങ്ങളിൽ വിദ്യാഭ്യാസ ഫണ്ട്, ദളിതർക്കും സാമ്പത്തിക പിന്നോക്കാവസ്ഥയിലുളളവർക്കും സീറ്റ് സംവരണവും ഫീസിളവും എന്നീ കാര്യങ്ങളും നയരേഖയിലുണ്ട്. എല്ലാ ലത്തീൻ കത്തോലിക്കാ സ്കൂളുകളിലും കംപ്യൂട്ടർ, ഇന്റർനെറ്റ്, എൽ. സി. ഡി പ്രൊജക്റ്റർ സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തും. ഓരോ രൂപതയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ നെറ്റ് വർക്ക് കണക്ഷനുമായി ബന്ധിപ്പിക്കും, ന്യൂജനറേഷൻ കോഴ്സുകൾ പാഠ്യവിഷയമാക്കും.

ആർഭാടങ്ങൾ ഒഴിവാക്കി സമുദായത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി വിദ്യാഭ്യാസ ഫണ്ട് രൂപവത്ക്കരിക്കും. അധ്യാപക വിദ്യാർത്ഥി-അധ്യാപകേതര ജീവനക്കാരുടെ നിയമനം സുതാര്യമാക്കുകയും ഇതു സംബന്ധിച്ച വ്യക്തമായ മാർഗരേഖകൾ രൂപതകളിൽ ഉണ്ടാക്കുകയും ചെയ്യും. രൂപതാ-ഫൊറോനാ-ഇടവക തലങ്ങളിൽ അൽമായർക്ക് പ്രാതിനിധ്യമുള്ള വിദ്യാഭ്യാസ സമിതികൾ രൂപവത്ക്കരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി ഓരോ രൂപതയിലും പ്രത്യേകം ഡയറക്ടറേറ്റുകൾ ഉണ്ടാക്കുമെന്നും നയരേഖ പറയുന്നു. ഇത്തരം ഡയറക്ടറേറ്റുകളുടെ കീഴിൽ കരിയർ ഗൈഡൻസ് സെൽ, നൂതന വിദ്യാഭ്യാസ സംരംഭങ്ങൾ എന്നിവയും ഒരുക്കും. വിദ്യാഭ്യാസ സംബന്ധമായി നിയമപ്രശ്നങ്ങൾക്കായി രൂപതാതല ലീഗൽ സെൽ, കലാകായിക-പാഠ്യേതര വിഷയങ്ങളിൽ രൂപതാതല പ്രത്യേക പദ്ധതി, അധ്യാപകർക്ക് തുടർ പരിശീലനം, എല്ലാ രൂപതകളിലും കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, സ്കൂൾ കോളേജ് ടീച്ചേഴ്സ് ഫോറം എന്നിവയും രൂപവത്കരിക്കുന്നുണ്ട്. തിരുവനന്തപുരം ആർച്ച് ബിഷപ് ഡോ. സൂസൈ പാക്യം ഉൾപ്പെടെയുള്ള 11 ലത്തീൻ ബിഷപ്പുമാരും സഭയുടെ അംഗീകൃത സംഘടനകളായ കെ. എൽ. സി. എ, സി. എസ്. എസ്, കെ. സി. വൈ. എം എന്നിവയുടെ പ്രതിനിധികളും ഉൾപ്പെട്ടതാണ് കെ. ആർ. എൽ. സി. സി.

## 07. മതം മാറ്റനിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യരുതെന്നു ഹൈക്കോടതി.

(Sathyadeepam 11-07-2007)

2003-ൽ ഗുജറാത്ത് നിയമസഭ പാസ്സാക്കിയ മതംമാറ്റ നിരോധന നിയമമനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത് തടഞ്ഞുകൊണ്ട് ഗുജറാത്ത് ഹൈക്കോടതി ഉത്തരവായി. അഖിലേന്ത്യ ക്രിസ്ത്യൻ കൗൺസിൽ ഗുജറാത്ത് ഘടകവും പ്രൊട്ടസ്റ്റന്റുകാർ നടത്തുന്ന ആൽഫാ ബൈബിൾ കോളേജും നൽകിയ ഹർജിയിലാണ് ഹൈക്കോടതിയുടെ അനുകൂലവിധി. നിയമസഭ പാസ്സാക്കിയ ബിൽ നിയമമാകണമെങ്കിൽ ഗവർണ്ണർ ഒപ്പു വെയ്ക്കണം. ഈ ബില്ലിൽ ഗവർണ്ണർ ഒപ്പുവെച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയാണു ഹർജി സമർപ്പിച്ചത്.

ബിൽ ഒപ്പുവെയ്ക്കുന്നതിനായി ലഭിച്ച സംസ്ഥാന ഗവർണർ നവൽ കിഷോർ ശർമ്മ അതു രാഷ്ട്രപതിയുടെ അഭിപ്രായമാരായുന്നതിന് അദ്ദേഹത്തിനു കൈമാറി. രാഷ്ട്രപതി കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ പരിശോധനയ്ക്ക് അത് സമർപ്പിക്കുകയായിരുന്നു. അവർ സംബന്ധിച്ച അഭിപ്രായം ഇതുവരെ രാഷ്ട്രപതിയെ അറിയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇതനുസരിച്ച് കേസ്സുകളെടുക്കരുതെന്ന് എല്ലാ ജില്ലാ പോലീസധികാരികൾക്കും നിർദ്ദേശം നൽകണമെന്നും സംസ്ഥാന പോലീസ് മേധാവിയോട് ഹൈക്കോടതി ഉത്തരവിട്ടു. ഇല്ലാത്ത നിയമമുപയോഗിച്ച് ക്രൈസ്തവ സഭാ സ്ഥാപനങ്ങളെ ഭീഷണിപ്പെടുത്തി വന്നിരുന്ന വർഗ്ഗീയവാദികൾക്കും പോലീസിനും തിരിച്ചടിയാണ് ഈ വിധിയെന്ന് സഭാനേതാക്കൾ പറഞ്ഞു.

## 08. അഭയ: സത്യാവസ്ഥ പുറത്തുവരേണ്ടത് സഭയുടെ ആവശ്യമെന്ന് മാർ മൂലക്കാട്ട്.

(Malayala Manorama 16-07-2007)

അഭയ കേസ് അന്വേഷകർക്ക് സഹായകമാകുന്ന എന്തെങ്കിലും വിവരം അറിയാവുന്നവർ അത് നൽകി സഹകരിക്കണമെന്ന് ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട് കോട്ടയം രൂപതയിലെ പള്ളി വികാരിമാർക്ക് അയച്ച സർക്കുലറിൽ ആവശ്യപ്പെട്ടു. സത്യാവസ്ഥ പുറത്തു കൊണ്ടുവരേണ്ടത് സഭയുടെ ആവശ്യമാണ്. അതിനാൽ ആർക്കെങ്കിലും എന്തെങ്കിലും വിവരം അറിയാമെങ്കിൽ സഭയിൽ വിവരം അറിയിക്കണമെന്നും ആർച്ച് ബിഷപ് ആവശ്യപ്പെട്ടു.